പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ഫണ്ടിൽ (RIDF) കോഴിക്കോട് ജില്ലയിൽ റോഡുകൾ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4072 — 21.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റൂറൽ ഇൻഫ്രാ സ്ട്രക്ചർ ഡവലപ്പ്മെന്റ് ഫണ്ടിൽ (RIDF) നിന്നും റോഡുകൾക്ക് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്ത് എന്നത് വിശദമായി വ്യക്തമാക്കാമോ ; | (എ) | നബാർഡ് പ്രവൃത്തികളുടെ ഏകോപനവും മേൽനോട്ടവും നടത്തുന്നത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി (State Level Empowered Committee) ആണ്. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നബാർഡ് വിഹിതം എസ്.എൽ.ഇ.സി നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) വാങ്ങി നബാർഡിന്റെ അനുമതിയ്ക്ക് അയയ്ക്കുകയും, അനുമതി ലഭിയ്ക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. |
| (ബി) | RIDF-ൽ റോഡുകൾക്ക് നവീകരിക്കുന്നതിന് പ്രൊപ്പോസൽ ആർക്കാണ് സമർപ്പിക്കേണ്ടത് എന്നും പ്രൊപ്പോസലുകൾ ഗ്രാമവികസന വകുപ്പ് മുഖേനയാണോ അഥവാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണോ നൽകേണ്ടത് എന്നത് വിശദമാക്കാമോ; | (ബി) | ആർ.ഐ.ഡി.എഫ്-ൽ റോഡുകൾ നവീകരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ബന്ധപ്പെട്ട ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഗ്രാമവികസന കമ്മീഷണർ വഴി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാരിന്റെ നാളിതുവരെയുള്ള ഭരണകാലത്ത് RIDF-പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ ഒരു റോഡിന് പോലും തുക അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോഴിക്കോട് ജില്ലയെ ഇത്തരത്തിൽ പരിഗണിക്കാതിരിക്കാൻ കാരണമെന്ത് എന്നത് വിശദമാക്കാമോ; | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XX -ൽ കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട്, ഗ്രാമപഞ്ചായത്തിൽ ഉൾപ്പെ ടുന്ന തുവ്വക്കടവ് - ഐ.ടി ജോർജ്ജ് റോഡ് (അടങ്കൽ തുക - 50 ലക്ഷം രൂപ) എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പുതുതായി RIDF-ൽ പരിഗണിക്കുന്ന റോഡുകളിലും കോഴിക്കോട് ജില്ല പരിഗണിക്കപ്പെടാതെ പോയത് എന്ത് കൊണ്ട് എന്നത് വിശദമാക്കാമോ; | | |
| (ഇ) | RIDF-ൽ ഉൾപ്പെടുത്തുന്നതിന് നിയമസഭാ സാമാജികർ നൽകുന്ന പ്രൊപ്പോസലുകൾ പരിഗണിച്ച് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ? | (ഇ) | പരിഗണിക്കാറുണ്ട് |

സെക്ഷൻ ഓഫീസർ